# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *333 — 15.03.2018 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
ശ്രീ.സി.കൃഷ്ണൻ
ശ്രീ.ഒ.ആർ.കേളു
ശ്രീ.കെ.ബാബു

(എ) അദ്ധ്വാനശക്തി മാത്രം കൈമുതലാക്കി ധാരാളം പേർ തൊഴിലിലേർപ്പെട്ടിരിക്കുന്ന വിവിധ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) വ്യവസായവത്കരണത്തിന്റെ ആരംഭം മുതൽ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധികൾ നേരിടാൻ ആരംഭിച്ചിരുന്നു. യന്ത്രസാമഗ്രികളോടും ഉയർന്ന മൂലധന നിക്ഷേപങ്ങളോടും മത്സരിക്കേണ്ട അവസ്ഥയാണ് പരമ്പരാഗത വ്യവസായ മേഖലകൾക്കുള്ളത്. പരമ്പരാഗത വ്യവസായ മേഖലയെ പ്രതിസന്ധികളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞവിലയ്ക്കുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്രതറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലക്കൂടുതലും അവയുടെ ലഭ്യത കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലക്കൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നത് ലക്ഷ്യമിടുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത എന്നീ കരകൗശല, ഈറ്റ പനമ്പ് നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർമേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതകുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്ര വത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായ ത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(ബി) ഖാദി, കൈത്തറി, ഈറ്റ, മുള, പനമ്പ്, ബീഡി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന വർക്കും കൈവേലക്കാർക്കും തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കാ

(ബി) പരമ്പരാഗത കൈത്തറി മേഖലയിൽ കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സൗജന്യ സ്കൂൾ യൂണിഫോം

| | |
|---|---|
| നായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | പദ്ധതിയിലൂടെ 3600 ൽ അധികം നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ സ്ഥിരതയും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വീട്ടിൽ ഒരു തറി പദ്ധതി, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി, പ്രൊഡക്ഷൻ ഇൻസെന്റീവ്, ഇൻകം സപ്പോർട്ട് സ്കീം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കി വരുന്നു.<br><br>കരകൗശല മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, തൊഴിലാളികളുടെ വേതനം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ട് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, കെൽപാം എന്നിവ വഴിയും അപെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മുള വ്യവസായ - അനുബന്ധ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേതനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, ബാംബൂ മിഷൻ എന്നിവ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പാക്കിവരുന്നു.<br><br>കേരളത്തിലെ ബീഡി മേഖല ഏറെക്കുറെ സഹകരണ മേഖലയിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ബീഡി വ്യവസായത്തിന്റെ മാന്ദ്യത്തിലൂടെ തൊഴിലില്ലുണ്ടായ അസ്ഥിരതയ്ക്ക് പരിഹാരം കാണുന്നതിന് ബീഡിയുല്പാദന സഹകരണ സംഘങ്ങൾക്ക് അതിന്റെ കേന്ദ്ര സംഘത്തിലൂടെ വിവിധ രീതിയിൽ ധനസഹായം ചെയ്തുവരുന്നു. കേന്ദ്ര സഹകരണ സംഘം നികുതി ഇനത്തിൽ സർക്കാരിൽ അടവാക്കിയ തുകയിൽ 8 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ ഗ്രാന്റായി അനുവദിച്ചിരുന്നു. കൂടാതെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ദിനേശ്ബീഡി ആശ്വാസ പെൻഷൻ പദ്ധതിയും |

നടപ്പിലാക്കി വരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ പ്രതിഫലം മാത്രം ലഭിക്കുന്ന സ്ഥിതി പരിഹരിക്കുന്നതിനായി മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉൽപാദന ഇൻസെന്റീവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയും, ഇ.എസ്.ഐ, ക്ഷേമനിധി, ആനുകൂല്യങ്ങൾ നൽകിവരുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (സി) ഈ രംഗത്ത് ആധുനികവൽക്കരണത്തിനും വിപണി വിപുലീകരണത്തിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിനായി വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, വ്യക്തിഗത വർക്ക് ഷെഡ് നവീകരണം, മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങളുടെ ഉല്പാദനവും പ്രചോദനവും എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പരമ്പരാഗത കൈത്തറി ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിവിധ ഉത്സവങ്ങളിൽ പ്രാദേശിക കൈത്തറി മേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു. കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി പ്രോത്സാഹനത്തിനായി കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളുടെ മൂല്യത്തിന്റെ 20% ഇൻസെന്റീവായി കൈത്തറി സംഘങ്ങൾക്ക് അനുവദിച്ച് വരുന്നു. കലാപരമായ കൈത്തറി പദ്ധതിയിലൂടെ വൈവിദ്ധ്യങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പരിശീലനം നൽകുകയും ഏറ്റവും നല്ല നെയ്ത്തുകാരെ തെരഞ്ഞെടുത്ത് അവർഡുകൾ നൽകുകയും പ്രസ്തുത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുകയും ചെയ്യുന്നു. കൈത്തറി ഉല്പന്നങ്ങളുടെ ഡിസൈനുകൾ രൂപകല്പന ചെയ്യുന്നതിനും അതുവഴി വിപണി വിപുലീകരണത്തിനുമായി ഹാന്റെക്സിനു കീഴിലും ഹാൻവീവിന് കീഴിലും ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കരകൗശല മേഖലയിൽ ക്ലസ്റ്റർ മാതൃകാ വികസനം, പൊതുസേവനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിപണന സമ്പ്രദായങ്ങൾ ആർജ്ജിക്കൽ എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി |

നടത്തിവരുന്നു. പണിആയുധങ്ങൾ ആധുനികവൽക്കരിക്കുന്നതിനും മികച്ച രീതിയിലുള്ള പണിയായുധങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും അതിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തനം നടത്തിവരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധതരം സുവനീറുകൾ വിപണനം നടത്താനുള്ള പദ്ധതി, കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കെറ്റിംഗ് സംവിധാനങ്ങൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു.

ഖാദി മേഖലയിൽ കാലപ്പഴക്കം ചെന്ന ചർക്കകളും തറികളും മാറ്റി സ്ഥാപിക്കുകയും ഉല്പാദന സാമഗ്രികളും സെമി ഓട്ടോമാറ്റിക് ലൂമുകളും സ്ഥാപിക്കുകയും റെഡിമെയ്ഡ് വാർപ്പിംഗ് മെഷീനുകൾ സ്ഥാപിക്കുകയും പഴയ വർക്ക്ഷെഡുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും പുതിയ തൊഴിലാളികൾക്ക് ഖാദി നെയ്ത്തിൽ പരിശീലനം നൽകുകയും ഖാദി സ്ഥാപനങ്ങൾക്ക് ഗോഡൗണുകൾ സ്ഥാപിക്കുകയും ചെയ്തു. വിപണി വിപുലീകരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ, വില്പനശാലകളുടെ കംപ്യൂട്ടർ വൽക്കരണം, ആധുനിക രീതിയിലുള്ള വില്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ളവയുടെ നവീകരണം എന്നിവ നടപ്പിലാക്കിവരുന്നു.

കയർമേഖലയിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളീകേര ഉല്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്നവൈവിദ്ധ്യവത്കരണത്തിലൂടെ വിപണി ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ ആഭ്യന്തര വിദേശ വിപണനം ഊർജ്ജിതമാക്കുന്നതിനായി കയറും കയറുല്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം, ഉല്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം

പരിഹരിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ